published on 16·7·15

8.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 357

# 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 357

# 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

748/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 357

# 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1984 മേയ് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3എ വകുപ്പിനുള്ള ഭേദഗതി.—1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിലെ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3എ വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച്" എന്ന വാക്കുകൾക്ക് ശേഷം "ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന ദിവസത്തിനു മുമ്പ് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതെങ്കിലും ദിവസം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) പരിമിതി വ്യവസ്ഥയിൽ "എന്നാൽ" എന്ന വാക്കിനുശേഷം "ഈ വകുപ്പിന്റെ (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ആറു മാസക്കാലയളവിനുള്ളിൽ" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ് ;

(iii) പരിമിതി വ്യവസ്ഥയ്ക്കുശേഷം, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—(1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉത്തരവിന് അനുസൃതമായുള്ള നിക്ഷിപ്തമാക്കൽ അങ്ങനെയുള്ള ഉത്തരവ് പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.".

748/2015.

3. 6എ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"6എ. III-ാം പട്ടികയിൽ പ്രത്യേകം പറയുന്ന ഫാക്ടറികൾ വിലയ്ക്കെടുക്കൽ.—(1) ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ മറ്റ് കരണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ III-ാം പട്ടികയിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ അവയ്ക്ക് ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യത്തോടു കൂടി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതും അതിൽ നിക്ഷിപ്തമാക്കേണ്ടതും പൊതു താല്പര്യാർത്ഥം യുക്തമായിരിക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു:

എന്നാൽ അങ്ങനെയുള്ള കൈമാറ്റം, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ നിയമസഭ പാസ്സാക്കിയിട്ടുള്ള ഒരു പ്രമേയത്തിന്റെ പിൻബലത്തോടെ ആയിരിക്കേണ്ടതാണ്.

(2) ആക്റ്റിലെ 4-ാം വകുപ്പിലെയും 7 മുതൽ 16 വരെയുള്ള വകുപ്പുകളിലെയും (രണ്ടും ഉൾപ്പെടെ) വ്യവസ്ഥകൾ 3എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചിട്ടുള്ള കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ചുള്ളതും അല്ലെങ്കിൽ കഴിയുന്നത്ര ബാധകമാകുന്നതുമാണ്.

(3) ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി, ഒരു ഫാക്ടറിയെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ട ദിവസം എന്നാൽ പട്ടികയിൽ ഓരോ ഫാക്ടറിയുടെയും നേരെ പറഞ്ഞിരിക്കുന്ന തീയതികളായിരിക്കുമെന്ന് സംശയനിവാരണത്തിനായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

(4) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഉൾപ്പെടെ III-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ച്, സർക്കാരോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ പ്രവൃത്തികളും നടപടികളും അല്ലെങ്കിൽ കാര്യങ്ങളും, അവ ഓരോന്നിനും നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിലും അന്നുമുതൽക്കും ആരംഭിക്കുകയും, 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയിൽ അവസാനിക്കുകയും ചെയ്യുന്ന കാലയളവുകളിൽ, ഈ ആക്റ്റിൽ പ്രസ്തുത ഭേദഗതി ആക്റ്റ് മുഖേന വരുത്തിയിട്ടുള്ള ഭേദഗതികൾക്ക്, എല്ലാ നിർണ്ണായക പ്രാധാന്യമുള്ള സമയങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നാലെന്നതുപോലെ, എല്ലാ ആവശ്യങ്ങൾക്കും സാധുതയുള്ളതും പ്രാബല്യമുള്ളതും ആയിരിക്കുന്നതും എല്ലായിപ്പോഴും അങ്ങനെ ആയിരുന്നതായും കരുതപ്പെടേണ്ടതാണ്.

4. 9-ാം വകുപ്പിനുള്ള ഭേദഗതി.—9-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഏതെങ്കിലും വിധിന്യായത്തിലോ ഉത്തരവിലോ ഡിക്രിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഇതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു

അനുസൃതമായി നിർണ്ണയിച്ചിട്ടുള്ള തുക ഒരു കശുവണ്ടി ഫാക്ടറിയുടെ ഉടമസ്ഥനോ കൈവശക്കാരനോ സ്വീകരിക്കുന്നിടത്ത്, 1882-ലെ വസ്തുകൈമാറ്റ ആക്റ്റിലെ (1882-ലെ 4-ാം കേന്ദ്ര ആക്റ്റ്) 54-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ഒരു കൈമാറ്റ പ്രമാണം ഒപ്പിട്ടു പൂർത്തീകരിക്കുന്നതിലൂടെ കശുവണ്ടി ഫാക്ടറികൾ സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും അതിൻപ്രകാരം കൈവശക്കാരന്റെയോ ഉടമസ്ഥന്റെയോ അവകാശവും ഉടമസ്ഥാവകാശവും താത്പര്യവും നഷ്ടപരിഹാരം കൈപ്പറ്റുന്ന തീയതി മുതൽ അവസാനിക്കുന്നതുമാണ്.

(9) (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ ഫാക്ടറിയുടെ കൈവശാവകാശം കൈവശക്കാരന്/ഉടമസ്ഥന് തിരിച്ചുകൊടുക്കാൻ സർക്കാർ ബാധ്യസ്ഥമായിരിക്കുന്നതല്ല.

5. III-ാം പട്ടിക ചേർക്കൽ.- പ്രധാന ആക്റ്റിലെ II-ാം പട്ടികയ്ക്കുശേഷം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:-

പട്ടിക III

(6എ വകുപ്പ് കാണുക)

| *ക്രമ നമ്പർ* | *ഫാക്ടറിയുടെ രജിസ്റ്റർ നമ്പർ* | *ഫാക്ടറികളുടെ പേരും വിവരണവും വിശദവിവരങ്ങളും* | *സർക്കാരിൽ നിക്ഷിപ്തമാക്കിയ തീയതി* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കെയു. 28 | കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിൽ ചെങ്ങമനാട്ടിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് ഗ്രാന്റ് കാഷ്യൂ കോർപ്പറേഷൻ | 11-5-1984 |
| 2 | കെയു. 96 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ മെസ്സേഴ്സ് കെ. എ. കരീം ആന്റ് സൺസ്, കിളികൊല്ലൂർ | 11-5-1984 |
| 3 | ക്യൂ. 38 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ഇരവിപുരം വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് പി. കെ. ദാമോദർ, കാഷ്യൂ കമ്പനി, ഇരവിപുരം | 27-7-1984 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ക്യൂ. 97 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ചാത്തന്നൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് ക്വയിലോൺ എക്സ്പോർട്ട്സ്, ചാത്തന്നൂർ | 27-7-1984 |
| 5 | ക്യൂ. 150 | തിരുവനന്തപുരം ജില്ലയിൽ ചിറയിങ്കിൽ താലൂക്കിൽ നാവായിക്കുളം വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് ധനലക്ഷ്മി എക്സ്പോർട്ട്സ്, നാവായിക്കുളം | 27-7-1984 |
| 6 | കെയു. 59 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പെരിനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് രാജശ്രീ എക്സ്പോർട്ട്സ് എന്റർപ്രൈസസ്, പെരിനാട് | 27-7-1984 |
| 7 | കെയു. 207 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് വിശ്വനാഥ് കാഷ്യൂ ഫാക്ടറി, ചാത്തിനാംകുളം | 8-2-1985 |
| 8 | കെയു. 185 | കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കോട്ടംകര വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് ഡാൽമിയ ഇന്റർനാഷണൽ, പെരുമ്പുഴ | 8-2-1985 |
| 9 | എപി. 9 | ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്ന മെസ്സേഴ്സ് സ്റ്റാൻഡേർഡ് കാഷ്യൂ ഇൻഡസ്ട്രീസ്, പത്തിയൂർ | 25-4-1985 |
| 10 | എപി. 10 | ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കായംകുളം എരുവയിൽ സ്ഥിതി ചെയ്യുന്ന രാജ്മോഹൻ കാഷ്യൂ ലിമിറ്റഡ്, എരുവ | 11-6-1986 |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1. കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്കിടയിൽ നിലനിൽക്കുന്ന വൻതോതിലുള്ള തൊഴിലില്ലായ്മ തടയുന്നതിനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും അവർക്ക് ന്യായമായ സേവന വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ഏതാനും കശുവണ്ടി ഫാക്ടറികൾ പൊതുതാല്പര്യാർത്ഥം വിലയ്ക്കെടുക്കുന്നതിന് 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് 3-ാം വകുപ്പ് പ്രകാരം സർക്കാർ ഏതാനും കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുകയുണ്ടായി. സർക്കാരിന്റെ ഈ നടപടിയെ യഥാർത്ഥ ഉടമകൾ ചോദ്യം ചെയ്തു. 1994 (2) കെ.എൽ.ടി. 598-ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഇൻഡ്യൻ നട്ട് പ്രോഡക്റ്റ്സ് Vs. യൂണിയൻ ഓഫ് ഇൻഡ്യയിൽ 1974-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിന്റെ സാധുതയെ സുപ്രീം കോടതി അംഗീകരിച്ചുവെങ്കിലും പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം സർക്കാർ പുറപ്പെടുവിച്ച ചില വിജ്ഞാപനങ്ങൾക്ക് നിയമസാധുത ഇല്ലെന്ന് കോടതി പ്രഖ്യാപിച്ചു. സുപ്രീം കോടതിയുടെ മേൽപ്പറഞ്ഞ വിധിയന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആക്റ്റു പ്രകാരമുള്ള ഏറ്റെടുക്കലിനെതിരായി ഹൈക്കോടതിയിൽ നിലനിന്നിരുന്ന ചില കേസുകളിൽ ഹൈക്കോടതി തീർപ്പു കൽപ്പിക്കുകയും ഫാക്ടറികൾ യഥാർത്ഥ ഉടമകൾക്ക് കൈമാറുവാൻ കേരള ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തു.

3. സർക്കാർ, ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം ആവശ്യമായ ശരിയായ നോട്ടീസ് നൽകാത്തതും അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു മുമ്പായി കക്ഷികൾക്ക് പറയുവാനുള്ളത് പറയുന്നതിന് മതിയായ അവസരം സർക്കാർ നല്കിയിട്ടില്ല എന്നതുമാണ് വിജ്ഞാപനം റദ്ദാക്കുന്നതിനുള്ള പ്രധാന കാരണം.

4. ഫാക്ടറികൾ ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും നിയന്ത്രണത്തിലാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി സിവിൽ അപ്പീൽ 3962/2007, 3963/2007 എന്നീ സിവിൽ അപ്പീലുകളിലെ 2015 ഫെബ്രുവരി 4-ാം തീയതിയിലെ വിധിന്യായപ്രകാരം 1995-ലെ കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്റ്റിലെ 6-ാം വകുപ്പ് റദ്ദുചെയ്യുകയും പ്രസ്തുത ഭേദഗതി ആക്റ്റ് പ്രകാരം കാപ്പെക്സിനുവേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള പത്ത് കശുവണ്ടി ഫാക്ടറികളും അതിനോടനുബന്ധിച്ചുള്ള ഭൂമിയും വിധിന്യായത്തിന്റെ തീയതി മുതൽ എട്ട് ആഴ്ചയ്ക്കകം അതിന്റെ യഥാർത്ഥ ഉടമകൾക്ക് വിട്ടുനൽകേണ്ടതാണെന്നും നിർദ്ദേശിക്കുകയും ചെയ്തു.

5. കോടതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഉടമസ്ഥർക്ക് കശുവണ്ടി ഫാക്ടറികൾ വിട്ടുകൊടുക്കുകയാണെങ്കിൽ, ഉടമകൾ ദീർഘകാലമായി കശുവണ്ടി വ്യവസായത്തിൽ നിന്ന് വിട്ടുനിൽക്കുന്നു എന്ന കാരണത്താലും ആഗോള വിപണിയിൽ അസംസ്കൃത കശുവണ്ടിയുടെ ദൗർലഭ്യവും കാരണം സമീപഭാവിയിൽ അവർക്ക് ഈ വ്യവസായം ആരംഭിക്കുവാൻ സാധിക്കാതെ വരുന്നതുമാണ്. കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്കിടയിൽ വൻതോതിലുള്ള

തൊഴിലില്ലായ്മ ഉണ്ടാകുന്നതാണ്. സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ബാഹുല്യമുള്ള തെക്കൻ ജില്ലകളിൽ സാമൂഹ്യ-സാമ്പത്തിക അസന്തുലിതാവസ്ഥയും ഉണ്ടാകുന്നതാണ്. ആയതിനാൽ, ഈ സാഹചര്യം തരണം ചെയ്യുന്നതിനായി വിലയ്ക്കെടുക്കലിനുവേണ്ടിയുള്ള ആദ്യ വിജ്ഞാപന തീയതി മുതൽ ചില ഫാക്ടറികൾ ഏറ്റെടുക്കുന്നതിന് ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

6 മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. കുഞ്ഞാലിക്കുട്ടി

(ശരിത്തർജമ)

## 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്റ്റിൽ (1974-ലെ 29) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3എ. പൊതുതാല്പര്യത്തിൽ ഏതൊരു കശുവണ്ടി ഫാക്ടറിയും വിലയ്ക്കെടുക്കുന്നതിനുള്ള അധികാരം.—(1) 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച്, മൂന്നു മാസത്തിൽ കുറയാത്ത ഒരു കാലയളവിൽ അത് അടച്ചിടുകയും അങ്ങനെയുള്ള അടച്ചിടൽ ആ ഫാക്ടറിയിലെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തുവെന്നും കശുവണ്ടി ഫാക്ടറി പുനരാരംഭിക്കുന്നതിന് സത്വര നടപടി ആവശ്യമാണെന്നും, പൊതുതാല്പര്യത്തിൽ അങ്ങനെ പുനരാരംഭിക്കേണ്ടത് ആവശ്യമാണെന്നും സർക്കാരിന് ബോധ്യമാകുന്നപക്ഷം, അതിന് ഗസറ്റിൽ പരസ്യപ്പെടുത്തിയ ഉത്തരവുമൂലം ആ കശുവണ്ടി ഫാക്ടറി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും അതിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ നിയമസഭയുടെ ഒരു പ്രമേയം അങ്ങനെയുള്ള വിലയ്ക്കെടുക്കൽ നിർദ്ദേശത്തെ പിൻതാങ്ങുന്നില്ലെങ്കിൽ ഈ ഉപവകുപ്പിൻ കീഴിലുള്ള യാതൊരു ഉത്തരവും പ്രസിദ്ധീകരിക്കാവുന്നതല്ല.

(2) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെയും 4-ാം വകുപ്പിലെയും വ്യവസ്ഥകൾ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച പ്രഖ്യാപനത്തിന് അവ ബാധകമാകുന്നതുപോലെ (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഒരു പ്രഖ്യാപനത്തിനും ബാധകമാകുന്നതാണ്.

(3) 7 മുതൽ 16 വരെ വകുപ്പുകളിലെ വ്യവസ്ഥകൾ (രണ്ടും ഉൾപ്പെടെ) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു പ്രഖ്യാപനം പുറപ്പെടുവിക്കപ്പെട്ട ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് അവ ബാധകമാകുന്നതുപോലെ, (1)-ാം ഉപവകുപ്പിൻ കീഴിൽ പ്രഖ്യാപനം പുറപ്പെടുവിക്കപ്പെട്ട കശുവണ്ടി ഫാക്ടറിക്കോ അതിന്റെ കൈവശക്കാരനോ അല്ലെങ്കിൽ സർക്കാരിനോ അല്ലെങ്കിൽ അവ സംബന്ധിച്ചോ, അതതു സംഗതി പോലെ, കഴിയുന്നത്ര ബാധകമാകുന്നതാണ്.

** ** ** **

6. ചില കശുവണ്ടി ഫാക്ടറികളുടെ വിലയ്ക്കെടുക്കൽ സംബന്ധിച്ച പ്രഖ്യാപനം.—(1) ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ മറ്റു പ്രമാണങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള കശുവണ്ടി ഫാക്ടറികൾ, അവ ഓരോന്നിനും നേരേ കാണിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി സർക്കാരിലേക്ക്, കൈമാറ്റം ചെയ്യപ്പെടുകയും അതിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്യേണ്ടത് പൊതുതാല്പര്യാർത്ഥം യുക്തമായിരിക്കുമെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

(2) പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിന്റെയും 7 മുതൽ 16 വരെയുള്ള വകുപ്പുകളുടെയും (രണ്ടും ഉൾപ്പെടെ) വ്യവസ്ഥകൾ, 3എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കപ്പെട്ട ഒരു കശുവണ്ടി ഫാക്ടറിക്ക് അവ ബാധകമാകുന്നതുപോലെ, (1)-ാം ഉപവകുപ്പ് ബാധകമാകുന്ന ഒരു കശുവണ്ടി ഫാക്ടറിക്കും അത് സംബന്ധിച്ചും കഴിയുന്നത്ര, ബാധകമാകുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്, 'ഒരു ഫാക്ടറിയെ സംബന്ധിച്ച് നിശ്ചിത ദിവസം', പട്ടികയിൽ ഓരോ ഫാക്ടറിയുടെയും നേരെ കാണിച്ചിരിക്കുന്ന തീയതികളായിരിക്കുമെന്ന് സംശയനിവാരണത്തിനായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

(4) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഉൾപ്പെടെ പട്ടികയിൽ പറഞ്ഞിട്ടുള്ള കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ച്, സർക്കാരോ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ചെയ്തതോ എടുത്തതോ ആയ എല്ലാ കൃത്യങ്ങളോ നടപടികളോ കാര്യങ്ങളോ, അവ ഓരോന്നിനും നേരേ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിലും ആ തീയതികൾ മുതൽക്കും ആരംഭിക്കുകയും, ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിയിൽ അവസാനിക്കുകയും ചെയ്യുന്ന കാലയളവുകളിൽ, പ്രധാന ആക്റ്റിൽ ഈ ആക്റ്റ് മുഖേന വരുത്തിയിട്ടുള്ള ഭേദഗതികൾ, എല്ലാ നിർണ്ണായക പ്രാധാന്യമുള്ള സമയങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ, എല്ലാ ആവശ്യങ്ങൾക്കും സാധുവും പ്രാബല്യമുള്ളതും ആയിരിക്കുന്നതും എല്ലായിപ്പോഴും അങ്ങനെ ആയിരുന്നതായും കരുതപ്പെടേണ്ടതാണ്.

** ** ** **

9. പണം നൽകൽ.— (1) ഈ ആക്റ്റു പ്രകാരം വിലയ്ക്കെടുക്കപ്പെട്ട ഓരോ കശുവണ്ടി ഫാക്ടറിയുടെയും കൈവശക്കാരന് പട്ടികയിൽ പറഞ്ഞിട്ടുള്ള ചട്ടങ്ങളനുസരിച്ച് നിശ്ചയിക്കുന്ന ഒരു തുക സർക്കാർ നൽകേണ്ടതാണ്:

എന്നാൽ കൈവശക്കാരൻ കശുവണ്ടി ഫാക്ടറിയുടെ ഉടമയല്ലാത്ത സംഗതിയിൽ, അങ്ങനെയുള്ള ഉടമയ്ക്ക് (5)-ാം ഉപവകുപ്പു പ്രകാരം ജില്ലാ കോടതി നിശ്ചയിക്കാവുന്ന തുകയുടെ ഭാഗത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

(7) മേൽപ്പറഞ്ഞ വ്യവസ്ഥകളനുസരിച്ച് നിശ്ചയിക്കുന്ന തുക അതിന് അവകാശപ്പെട്ട ആൾക്കോ അഥവാ ആളുകൾക്കോ അങ്ങനെ നിശ്ചയിച്ച തീയതി മുതൽ ആറു മാസത്തിനകം രൊക്കമായി നൽകേണ്ടതാണ്.

** ** ** **

പട്ടിക II

(3ബി വകുപ്പ് കാണുക)

| ക്രമ നമ്പർ | കശുവണ്ടി ഫാക്ടറിയുടെ രജിസ്റ്റർ നമ്പർ | കശുവണ്ടി ഫാക്ടറിയുടെ പേരും വിവരണവും വിശദവിവരങ്ങളും | ഉടമസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | രജി. നമ്പർ എംപി.10 | 1-3-1971-ൽ പാട്ടത്തിനെടുത്ത ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിൽ കൃഷ്ണപുരം വില്ലേജിൽ കൃഷ്ണപുരം, കായംകുളത്ത് സ്ഥിതി ചെയ്യുന്ന 4-ാം നമ്പർ ഫാക്ടറി | ശ്രീ. എസ്. രാമചന്ദ്രനായിക്, 23-2002, കദ്രി ടെംപിൾ റോഡ്, മാംഗ്ലൂർ |
| 2 | രജി. നമ്പർ കെയു.2 | 15-3-1971-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ മൈനാഗപ്പള്ളി വില്ലേജിൽ മൈനാഗപ്പള്ളി, കരുനാഗപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന 5-ാം നമ്പർ ഫാക്ടറി | ശ്രീമതി കെ. ദേവയാനി അമ്മ, ജൂപിറ്റർ കാഷ്യൂ കമ്പനി, കൊച്ചുപ്ലാമൂട്, കൊല്ലം |
| 3 | രജി. നമ്പർ കെറ്റി.72 | 11-5-1971-ൽ പാട്ടത്തിനെടുത്ത ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ നൂറനാട് പാലമേൽ വില്ലേജിൽ നൂറനാട്, കായംകുളത്ത് സ്ഥിതി ചെയ്യുന്ന 7-ാം നമ്പർ ഫാക്ടറി | ശ്രീ. റ്റി. ജി. വാൾട്ടർ, മമ്മികുന്ന് ബംഗ്ലാവ്, മുണ്ടക്കൽ, കൊല്ലം |
| 4 | രജി. നമ്പർ കെയു.78 | 12-5-1971-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പവിത്രേശ്വരം വില്ലേജിൽ പുത്തൂർ, കൊല്ലത്ത് സ്ഥിതി ചെയ്യുന്ന 8-ാം നമ്പർ ഫാക്ടറി | ശ്രീ. എസ്. രാമചന്ദ്രനായിക്, 23-2002, കദ്രി ടെംപിൾ റോഡ്, മാംഗ്ലൂർ |
| 5 | രജി. നമ്പർ ക്യൂ.1 | 3-6-1971-ൽ പാട്ടത്തിനെടുത്ത തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ പഴയകുന്നുമ്മേൽ വില്ലേജിൽ കിളിമാനൂർ, തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന 9-ാം നമ്പർ ഫാക്ടറി | ശ്രീമതി കെ. ദേവയാനി അമ്മ, ജൂപിറ്റർ കാഷ്യൂ കമ്പനി, കൊച്ചുപ്ലാമൂട്, കൊല്ലം |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | രജി. നമ്പർ ക്യൂ.64 | 14-4-1971-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ ഇടമുളയ്ക്കലിൽ സ്ഥിതി ചെയ്യുന്ന 11-ാം നമ്പർ ഫാക്ടറി | മെസ്സേഴ്സ് രാംസൺസ് ആന്റ് കമ്പനി, കൊല്ലം-4 |
| 7 | രജി. നമ്പർ ക്യൂ.55 | 16-8-1971-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ചാത്തന്നൂരിൽ സ്ഥിതി ചെയ്യുന്ന 12-ാം നമ്പർ ഫാക്ടറി | ശ്രീ. ബദറുദ്ദീൻ മുസ്ലലിയാർ, കണ്ടച്ചാലിൽ ഹൗസ്, കിളികൊല്ലൂർ, കൊല്ലം-4 |
| 8 | രജി. നമ്പർ ക്യൂ.36 | 9-2-1972-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ ഭരണിക്കാവിൽ സ്ഥിതി ചെയ്യുന്ന 14-ാം നമ്പർ ഫാക്ടറി | ശ്രീമതി ഉമൈബാൻ ബീവി, കമ്പികെട്ടിൽ വീട്, കിളികൊല്ലൂർ, കൊല്ലം-4 |
| 9 | രജി. നമ്പർ ക്യൂ.41 | 7-2-1972-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം ആദിനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്ന 16-ാം നമ്പർ ഫാക്ടറി | ശ്രീമതി ബി. ലീല, പത്മാലയം, ഉളിയകോവിൽ, കൊല്ലം |
| 10 | രജി. നമ്പർ ക്യൂ.53 | 14-2-1972-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ഇളമ്പല്ലൂർ വില്ലേജിൽ ഇളമ്പല്ലൂരിൽ സ്ഥിതി ചെയ്യുന്ന 20-ാം നമ്പർ ഫാക്ടറി | ശ്രീ. കെ. മൈദീൻ കുഞ്ഞ് ആന്റ് സൺസ്, കുതിരപന്തിയിൽ ബംഗ്ലാവ്, തേവള്ളി, കൊല്ലം |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | രജി. നമ്പർ കെയു.70 | 28-2-1972-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ എഴുകോൺ വില്ലേജിൽ നെടുമ്പായിക്കുളത്ത് സ്ഥിതി ചെയ്യുന്ന 22-ാം നമ്പർ ഫാക്ടറി | കെ. സുരേഷ്, മാനേജിംഗ് പാർട്ണർ, ഷൺമുഖവിലാസ്, കിളികൊല്ലൂർ, കൊല്ലം |
| 12 | രജി. നമ്പർ കെറ്റി.71 | 18-5-1972-ൽ പാട്ടത്തിനെടുത്ത ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചുനക്കര വില്ലേജിൽ കരിമുളയ്ക്കലിൽ സ്ഥിതി ചെയ്യുന്ന 24-ാം നമ്പർ ഫാക്ടറി | ശ്രീ. റ്റി. ജി. വാൾട്ടർ, മമ്മിക്കുന്ന് ബംഗ്ലാവ്, കൊച്ചുപ്ലാമൂട്, കൊല്ലം |
| 13 | രജി. നമ്പർ കെയു.88 | 11-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ തഴുത്തല വില്ലേജിൽ തെറ്റിക്കുഴിയിൽ സ്ഥിതി ചെയ്യുന്ന 26-ാം നമ്പർ ഫാക്ടറി | ശ്രീമതി ഉമ്മസലുമ്മാൾ, കുറുട്ടഴികത്തു വീട്, ഉമയനല്ലൂർ, കൊല്ലം |
| 14 | രജി. നമ്പർ ക്യൂ.95 | 13-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ഇരവിപുരം വില്ലേജിൽ ഇരവിപുരത്ത് സ്ഥിതി ചെയ്യുന്ന 27-ാം നമ്പർ ഫാക്ടറി | മെസ്സേഴ്സ് രാംസൺസ് ആന്റ് കമ്പനി, കൊല്ലം-4 |
| 15 | രജി. നമ്പർ ക്യൂ.96 | 13-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പാരിപ്പള്ളി വില്ലേജിൽ പാരിപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന 28-ാം നമ്പർ ഫാക്ടറി | മെസ്സേഴ്സ് രാംസൺസ് ആന്റ് കമ്പനി, കൊല്ലം-4 |
| 16 | രജി. നമ്പർ കെയു.86 | 11-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ എഴുകോൺ വില്ലേജിൽ പരുത്തുമ്പാറ, മുളവന സ്ഥിതി ചെയ്യുന്ന 29-ാം നമ്പർ ഫാക്ടറി | മെസ്സേഴ്സ് എം. പി. ഗോവിന്ദൻ ആന്റ് സൺസ്, കൊല്ലം-4 |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 17 | രജി. നമ്പർ കെയു.158 | 21-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ കുന്നത്തൂർ സ്ഥിതി ചെയ്യുന്ന 30-ാം നമ്പർ ഫാക്ടറി | ശ്രീ ജി. ഭാനു ആശാൻ, വിഷ്ണു നിവാസ്, പട്ടത്താനം, കൊല്ലം<br>നിലവിൽ : സുഷമ്മ സീതാറാം, അച്ചാരണ്ടിൽ ഹൗസ്, പട്ടത്താനം, കൊല്ലം |
| 18 | രജി. നമ്പർ ക്യൂ.31 | 23-3-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം കോർപ്പറേഷനിൽ കഞ്ഞാംകാട് സ്ഥിതി ചെയ്യുന്ന 32-ാം നമ്പർ ഫാക്ടറി | ശ്രീമതി രാജേശ്വരി, W/o ഗോവിന്ദരാജ റെഡ്ഡിയാർ, രാജി നിവാസ്, എൻ.എ. എൻ.ആർ. കോമ്പൗണ്ട്, മെയിൻ റോഡ്, കൊല്ലം |
| 19 | രജി. നമ്പർ ക്യൂ.243 | 29-4-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കടയ്ക്കൽ വില്ലേജിൽ കടയ്ക്കലിൽ സ്ഥിതി ചെയ്യുന്ന 33-ാം നമ്പർ ഫാക്ടറി | ശ്രീമതി ബി. ജലജ കുമാരി, ഭാസ്കര, ടെമ്പിൾ ലെയിൻ, മെഡിക്കൽ കോളേജ് പി. ഒ., ഉള്ളൂർ, തിരുവനന്തപുരം |
| 20 | രജി. നമ്പർ കെയു.9 | 13-6-1974-ൽ പാട്ടത്തിനെടുത്ത കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിൽ ചെങ്ങമനാട് സ്ഥിതി ചെയ്യുന്ന 34-ാം നമ്പർ ഫാക്ടറി | ശ്രീമതി രാജേശ്വരി, W/o ഗോവിന്ദരാജ റെഡ്ഡിയാർ, രാജി നിവാസ്, എൻ.എ. എൻ.ആർ. കോമ്പൗണ്ട്, മെയിൻ റോഡ്, കൊല്ലം. |

** ** ** **